**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3085** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സാഫ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br><u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)</u><br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. സാഫിന്റെ കീഴിൽ 1780 ചെറുകിട തൊഴിൽ സംരംഭങ്ങൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 2023-24 |

| | | | |
|---|---|---|---|
| | | | സാമ്പത്തികവർഷത്തിൽ യൂണിറ്റുകളുടെ വിറ്റുവരവ് 136.52 കോടി രൂപയാണ്.<br><br>സാഫ് യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം' എന്ന പദ്ധതിയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കിവരുന്നു. ഈ പദ്ധതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലോൺ അനുവദിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സാഫ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br><u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)</u><br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. സാഫിന്റെ കീഴിൽ 1780 ചെറുകിട തൊഴിൽ സംരംഭങ്ങൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തികവർഷത്തിൽ യൂണിറ്റുകളുടെ വിറ്റുവരവ് 136.52 കോടി രൂപയാണ്.<br><br>സാഫ് യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം' എന്ന പദ്ധതിയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കിവരുന്നു. ഈ പദ്ധതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കാൻ പ്രത്യേക പദ്ധതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സാഫ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br><u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)</u><br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. സാഫിന്റെ കീഴിൽ 1780 ചെറുകിട തൊഴിൽ സംരംഭങ്ങൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തികവർഷത്തിൽ യൂണിറ്റുകളുടെ വിറ്റുവരവ് 136.52 കോടി രൂപയാണ്.<br><br>സാഫ് യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം' എന്ന പദ്ധതിയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കിവരുന്നു. ഈ പദ്ധതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ